

# വാർത്തകളും കുറിപ്പുകളും

**ആദ്യഫലപ്പെരുന്നാൾ 2024**

2024 ആദ്യഫലപ്പെരുന്നാൾ, ഡിസംബർ ആദ്യഞായറാഴ്ച (01-12-24) രാവിലെ 7.15 നുള്ള സംയുക്താരാധനയോടെ ആരംഭിക്കുന്നതാണ്. ആരാധനക്കുശേഷം, സെന്റനറി ഹാളിൽ പ്രഭാതഭക്ഷണം, അതിനുശേഷം ലേലവും, സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സ്റ്റാളുകളുടെ പ്രവർത്തനവും ആരംഭിക്കുന്നതാണ്. ഉച്ചക്ക് 1 മണിക്ക് ഉച്ചഭക്ഷണം ക്രമീകരിച്ചിരിക്കുന്നു. ശേഷം ലേലവും സ്റ്റാളുകളുടെ പ്രവർത്തനവും തുടരുന്നതാണ്. സ്ത്രോത്രദാനത്തിനായുള്ള കവറുകൾ ഇതിനോടകം ഏവർക്കും ലഭിച്ചുകാണുമല്ലോ. കഴിഞ്ഞ ഒരു വർഷക്കാലം നമ്മെ കാത്തുപരിപാലിച്ച് വഴിനടത്തി, നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുവാനുള്ള അവസരമാണ്. ഏറ്റവും കുറഞ്ഞതു, തങ്ങളുടെ പ്രതിമാസ വരുമാനത്തിന്റെ പത്തു ശതമാനം എങ്കിലും സ്ത്രോത്രദാനമായി സമർപ്പിക്കുവാൻ ഓർമിപ്പിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെപ്പോലെ തന്നെ ആദ്യഫലപ്പെരുന്നാൾ ദിനത്തിന്റെ വിജയകരമായ പൂർത്തീകരണത്തിനാവശ്യമായ ക്രമീകരണങ്ങൾ എല്ലാം ചെയ്തുവരുന്നു. ഏവരുടെയും പ്രാർഥനാപൂർണമായ സഹകരണം അഭ്യർത്ഥിക്കുന്നു.

**യുവജന ഞായർ**

ഒക്ടോബർ 6 യുവജനഞായർ ആയി ആചരിച്ചു. ആരാധനയിൽ വിവിധ ഭാഗങ്ങൾക്ക് യുവജനങ്ങൾ നേതൃത്വം നൽകി. ഇംഗ്ലീഷ് ആരാധനയിൽ ശ്രീ. അസ്കിത് ഉമ്മൻ അലക്സും മലയാളം ആരാധനയിൽ ശ്രീ. സുനീഷ് തോമസും തിരുവചനത്തിൽ നിന്നും സംസാരിച്ചു. യുവജനങ്ങൾ ആരാധന മദ്ധ്യേ ഒരു ഗാനമാലപിക്കയുണ്ടായി.

**കാരാളി സെന്റ് ലുക്ക് സഭയുടെ നവതി ആഘോഷങ്ങൾ**

കാരാളി സെന്റ് ലുക്ക് സഭയുടെ ഒരുവർഷം നീണ്ടു നിൽക്കുന്ന നവതി ആഘോഷങ്ങൾ ഒക്ടോബർ 6 വൈകിട്ട് കാരാളിയിൽ, മഹായിടവക ബിഷപ്പ് ഉദ്ഘാടനം ചെയ്തു. നവതി ആഘോഷങ്ങളിൽ വിവിധ

നിർമാണ പദ്ധതികൾ, കാരുണ്യ/സുവിശേഷ/ആത്മീയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഉദ്ഘാടന സമ്മേളനത്തിന് മുമ്പ് മഹായിടവക ബിഷപ്പിന്റെ നേതൃത്വത്തിൽ കാരാളി സഭയിലെ കുട്ടികൾക്കായുള്ള സ്ഥിരീകരണ ശുശ്രൂഷയും നടത്തപ്പെട്ടു.

**ആശാഭവൻ ഞായർ**

ഒക്ടോബർ 13, ആശാഭവൻ ഞായർ ആയി ആചരിച്ചു. ഭിന്നശേഷിക്കാർക്കായി വേർതിരിച്ചിരിക്കുന്ന ഈ ഞായറാഴ്ച ഇംഗ്ലീഷ് ആരാധനയിൽ ശ്രീമതി വിജയ പ്രസാദും മലയാളം ആരാധനയിൽ ശ്രീമതി വത്സമ്മ ജോസ്ഫും തിരുവചനത്തിൽ നിന്നും സംസാരിച്ചു.

**സഭാ പ്രതിഷ്ഠാ ദിനം**

നവംബർ 15 വെള്ളിയാഴ്ച, ക്രൈസ്റ്റ് ചർച്ചിന്റെ പ്രതിഷ്ഠാ വാർഷിക ദിനമായി ആചരിക്കുന്നു. അന്ന് രാവിലെ 7.15 നു പള്ളിയിൽ പ്രത്യേക ആരാധന ഉണ്ടായിരിക്കുന്നതാണ്.

**പെൺശിശു ഞായർ**

നവംബർ 17, പെൺശിശു ഞായർ ആയി ആചരിക്കപ്പെടുന്നു. പെൺകുട്ടികൾ അഭിമുഖീകരിക്കുന്ന എല്ലാ തിന്മകൾക്കുമെതിരെ പോരാടുവാനും, പെൺകുഞ്ഞുങ്ങളെ ആദരിക്കുവാനും സംരക്ഷിക്കുവാനുമുള്ള പ്രവർത്തനങ്ങൾക്ക് സഭയായി മുൻകൈ എടുക്കുവാനുമുള്ള ഒരു സന്ദർഭമായി ഈ ആചരണത്തെ കാണേണ്ടതാണ്.

**സൺഡേ സ്കൂൾ ഞായർ**

നവംബർ 3 ഞായർ സൺഡേ സ്കൂൾ ഞായർ ആയി ആചരിക്കുന്നു. ആരാധനയുടെ വിവിധ ഭാഗങ്ങൾക്ക് സൺഡേ സ്കൂൾ വിദ്യാർഥികൾ നേതൃത്വം നൽകുന്നതാണ്. സഭയിലെ കുട്ടികളുടെ ആല്മീയ വളർച്ചയും വികാസവും പരിപോഷിപ്പിക്കുന്നതിൽ സൺഡേ സ്കൂൾ ഒരു സുപ്രധാന പങ്കു വഹിക്കുന്നു. ബൈബിൾ പരിജ്ഞാനം, വിശ്വാസ രൂപീകരണം, പ്രാർത്ഥന, ആരാധന എന്നിവയെക്കുറിച്ചുള്ള ശരിയായ ബോധ്യം, അതോടൊപ്പം ധാർമിക മൂല്യങ്ങൾ, സൽ സ്വഭാവം സാമൂഹിക / നേതൃത്വ കഴിവുകൾ, എന്നിവയുടെ വികസനം തുടങ്ങിയവ സൺഡേ സ്കൂൾ പഠനത്തിലൂടെ സ്വായത്തമാക്കുവാൻ സാധിക്കുന്നു. കുട്ടികളുടെ ശക്തമായ ആത്മീയ അടിത്തറ വികസിപ്പിക്കുന്നതിനും

ദൈവവുമായുള്ള ആജീവനാന്ത ബന്ധം വളർത്തിയെടുക്കുന്നതിനും അവർ സാമൂഹ്യ പ്രതിബദ്ധതയോടെ വളർന്നുവരുന്നതിനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവക്കുവാൻ നമ്മുടെ സൺഡേ സ്കൂളിന്റെ, ഭാവിപ്രവർത്തനങ്ങൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു

പ്രാർത്ഥനാഭിവാദ്യങ്ങളോടെ,

**സജി സാം ജോർജ്**

സെക്രട്ടറി

## ‘Melodies of Faith’ (വിശ്വാസത്തിൻ സംഗീതം)

A new Column begins with this issue.

Inviting writers and music enthusiasts to explore the rich history and evolution of Christian devotional songs, ***(only hymns and lyrics that we use in worship)*** and write it in Malayalam or English not exceeding one and a half pages and send it to the editorial board before the 15th of the month, It will be published in the monthly Tidings after scruitiny.

Our Vicar Rev. Alex P Oommen begins this column in this issue by unveiling the history of the hymn ‘Ama zing Grace.’

### CHURCH DUES/MONTHLY SUBSCRIPTION : 2024-25

Members can pay their church subscription dues, Tidings advertisement fees, other dues through the cover at Church or at the Parsonage Office at Devasomboard junction.

The dues may be paid online after intimating by e-mail: **office@csichristchurch.org or inform to the Treasurer/ Accountant**

**CHRIST CHURCH, TRIVANDRUM**

**SB: 13170100040167**

**IFSC : FDRL0001317**